(ഇ) ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ജല സസ്യങ്ങൾ വാരിമാറ്റുന്നതിനായി ഒരു പരിപാടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഈ പരിപാടി നടപ്പാക്കിയാൽ ജലസസ്യങ്ങളെ ഉപയോഗപ്പെടുത്തിയിട്ടുള്ള സെല്ലുലോസ് നിർമ്മാണ പദ്ധതി അപ്രസക്തമായി തീരുമെന്ന വസ്തുത ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ടോ;

(ജി) കേന്ദ്രാനുമതി ലഭിച്ച സെല്ലുലോസ് പദ്ധതി എത്രയും വേഗം നടപ്പാക്കി പായൽ വാരിമാറ്റുന്ന അധിക ചെലവ് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഇല്ല.

(ബി) ജലസസ്യങ്ങളിൽ നിന്ന് ഒരു 'ഡമോൺസ്ട്രേഷൻ' പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിയുടെ കരട് രേഖയാണ് നാഷണൽ എൻവയോൺമെന്റ് എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ്, രാജീവ്ഗാന്ധി ബയോടെക്നോളജി സെന്റർ, ഭൗമശാസ്ത്ര സാങ്കേതിക പഠനകേന്ദ്രം എന്നീ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തത്. ഇതിൻമേലുള്ള റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) നാഗ്പ്പൂരിലുള്ള കേന്ദ്രഗവൺമെന്റിന്റെ ശാസ്ത്ര-വ്യാവസായിക ഗവേഷണ കൗൺസിലിന്റെ കീഴിലുള്ള നാഷണൽ എൺവയോൺമെന്റൽ എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുമാണ്.

(ഡി) റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ജലസസ്യങ്ങൾ വാരിമാറ്റുന്നതിനായി ഒരു പദ്ധതി കഴിഞ്ഞ വർഷം ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടപ്പാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്)പദ്ധതി നടത്തിപ്പിന് ഉപയോഗിക്കാവുന്ന സാങ്കേതികവിദ്യ സംബന്ധിച്ച ഒരു കരട് രേഖയാണ് ചർച്ച ചെയ്യപ്പെട്ടത്. ഇതുപയോഗപ്പെടുത്തിയുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് നൽകേണ്ട ഉത്തരവാദിത്വം നാഗ്പ്പൂരിലുള്ള എൻ.ഇ.ഇ.ആർ.ഐ. യാണ്. എന്നാൽ പദ്ധതിയുടെ സാദ്ധ്യതാ പഠനമോ വിശദമായ പദ്ധതി രേഖയോ ഇതുവരെ സമർപ്പിച്ചതായി അറിയില്ല. ഇത് ലഭിച്ചശേഷം മാത്രമേ ഇതിന്റെ പ്രസക്തി നിർണ്ണയിക്കാനാവൂ.

(ജി) ഉത്തരം(എ) യുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

16 (*16) ഔഷധങ്ങളുടെ വില വർദ്ധന

ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഔഷധങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ച് വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഔഷധ വ്യാപാര രംഗത്ത് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) മരുന്നുകളുടെ അമിതമായ വിലവർദ്ധനവ് തടയുന്നതിനും ഔഷധ വ്യാപാരരംഗത്ത് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ)&(ബി) ചില മരുന്നുകളുടെ വിലയിൽ സാരമായ വർദ്ധനവ് ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഔഷധങ്ങൾ വിൽക്കുന്നതിന് കേന്ദ്രനിയമമായ 1940-ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമവും 1945-ലെ ചട്ടങ്ങളും അനുസരിച്ച് ലൈസൻസ് എടുക്കേണ്ടതാണ്. എന്നാൽ ആയൂർവേദ ഔഷധങ്ങൾ വിൽക്കുന്നതിന് ലൈസൻസ് വ്യവസ്ഥകൾ ഈ കേന്ദ്രനിയമത്തിൽ നിലവിലില്ല. അലോപ്പതി മരുന്നുകൾക്ക് 1955-ലെ അവശ്യസാധന നിയമമനുസരിച്ച് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 1995-ലെ ഔഷധ (വില നിയന്ത്രണ) ഉത്തരവ് (ദി ഡ്രഗ്സ് പ്രൈസ് കൺട്രോൾ) ബാധകമാണ്.

(സി) ഔഷധങ്ങളുടെ വിലകൾ നിയന്ത്രിക്കുന്നതിന് കേന്ദ്ര സർക്കാരിന് മാത്രമാണ് അധികാരമുള്ളത്. എന്നാൽ നിശ്ചിത വിലയിൽ കൂടിയ വിലയ്ക്ക് ഔഷധങ്ങൾ വിൽക്കുന്ന പക്ഷം നിയമാനുസൃതം വ്യാപാരികൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

17 (*17) ത്രിതല പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള തുക

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ്ജ് ജെ. മാത്യു :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ത്രിതല പഞ്ചായത്തു സ്ഥാപനങ്ങളിൽ എന്തു തുകയുടെ പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(ബി) ഇതിൽ എന്തു തുക ഇതുവരെ ത്രിതല പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്;

(സി) നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ പദ്ധതി തുക വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) 887.81 കോടിരൂപയുടെ പദ്ധതികൾ

(ബി) തുക വിതരണം ചെയ്തു തുടങ്ങിയിട്ടില്ല.

(സി) (i) പദ്ധതി ആസൂത്രണം ചെയ്യുന്നതിന് മാർഗ്ഗനിർദ്ദേശങ്ങളും അവയ്ക്ക് ജില്ലാ ആസൂത്രണസമിതികൾ അംഗീകാരം നൽകുന്നതിനു നടപടിക്രമങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly